LIBRARY ARCHIVES Kerala Legislative Assembly

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന തസ്തികകൾ

1 (3746) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ എന്നുമുതൽ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ബി) ഈ നിയമം നടപ്പിലാക്കുമ്പോൾ അദ്ധ്യാപകരുടെ പുതിയ തസ്തികകൾ ഉണ്ടാകുമോ ;

(സി) ഇപ്പോൾ പ്രൊട്ടക്ഷനിലുള്ള എത്ര അദ്ധ്യാപകർക്ക് ഈ നിയമം വരുമ്പോൾ തിരിച്ച് അവരുടെ ലാവണങ്ങളിൽ ജോലി ചെയ്യാൻ കഴിയും ?

ഉത്തരം

(എ-സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് എങ്ങനെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

ആറുവയസ്സിനു താഴെയുള്ള കുട്ടികളുടെ സമ്പൂർണ്ണ സൗജന്യ വിദ്യാഭ്യാസം

2 (3747) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ആറുവയസ്സിന് താഴെയുള്ള കുട്ടികളുടെ സമ്പൂർണ്ണ സൗജന്യ വിദ്യാഭ്യാസം സംസ്ഥാന സർക്കാരുകളുടെ ചുമതലയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആവശ്യത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോ ?

ഉത്തരം

(എ-സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് എങ്ങനെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. അതിനാൽ ഈ വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല.